"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിന്മേൽ സമർപ്പിച്ച പുന:പരിശോധന ഹർജി പരിശോധിച്ച് - ശിക്ഷ ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ .യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.1926/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 16/10/2020

---

പരാമർശം:- 1 10/05/2018 തീയതിയിലെ നഗരകാര്യ ഡയറക്ടറുടെ വി3/ 2258/2016നമ്പർ കത്ത്

2 08.08.2019 തീയതിയിലെ സ.ഉ.(സാധാ.) നം.1720/2019/ത.സ്വ.ഭ.വ.

3 ശ്രീ.രഘുരാമൻ സമർപ്പിച്ച 24.08.2019 തീയതിയിലെ അപ്പീൽ അപേക്ഷ.

**<u>ഉത്തരവ്</u>**

ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരിക്കെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട് ശ്രീ. രഘുരാമനെതിരെ ആരംഭിച്ച അച്ചടക്ക നടപടി പരാമർശ ഉത്തരവ് പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞു കൊണ്ട് തീർപ്പാക്കിയിരുന്നു. ടി ഉത്തരവിനെതിരെ ടിയാൻ പുന:പരിശോധന ഹർജി സമർപ്പിച്ചിരുന്നു.

പുന:പരിശോധന ഹർജിയിൽ ശ്രീ. രഘുരാമൻ ചുവടെ ചേർക്കുന്ന വിവരങ്ങൾ ബോധിപ്പിച്ചിട്ടുണ്ട്.

1. 15.11.2009-ലെ 72671/ആർ.എ.1/2008/തസ്വഭവ നമ്പർ സർക്കുലറിലും, 27.06.2010-ലെ 36587/ആർ.എ.1/2009/തസ്വഭവ നമ്പർ സർക്കുലറിലും അനുശാസിക്കുന്ന പ്രകാരമുള്ള സ്ഥലപരിശോധന നടത്തിയ ബിൽഡിംഗ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മുനിസിപ്പൽ എഞ്ചിനീയർ) എന്നിവരുടെ വ്യക്തമായ റിപ്പോർട്ടിന്റേയും ശുപാർശകളുടേയും അടിസ്ഥാനത്തിലാണ് എല്ലാ ബിൽഡിംഗ് പെർമിറ്റുകളും അനുവദിച്ചത്.
2. ചട്ടവിരുദ്ധമായ പ്ലാനുകളും അത്തരത്തിലുള്ള ബിൽഡിംഗ് പെർമിറ്റ് ഫയലുകളും സെക്രട്ടറിക്ക് സമർപ്പിക്കരുതെന്ന നിയമപരമായ ഡെലിഗേഷൻ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിലുള്ള ഫയൽ സമർപ്പിച്ച മുനിസിപ്പൽ എഞ്ചിനീയറാണ KMBR 50(3) വകുപ്പ് പ്രകാരം ടി നടപടിയ്ക്ക് ഉത്തരവാദിയാകുന്നത് .
3. KMBR 50(2), 50(3) എന്നീ വകുപ്പുകളുടേയും 72671/2008, 36587/2009 എന്നീ സർക്കുലറുകളുടേയും നിയമപരിരക്ഷ ടിയാന് പൂർണ്ണമായി അവകാശപ്പെട്ടതാണ്.
4. എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കെട്ടിനിർമ്മാണാനുമതി നൽകിയതിന് മൂവാറ്റുപുഴ നഗരസഭാ മുൻ സെക്രട്ടറി ശ്രീ. വി.ആർ. രാജുവിനെ 09.10.2019-ലെ 2818/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കുറ്റവിമുക്തനാക്കിയിട്ടുണ്ട്.

5 കോടതി വിധിയുടെ അന്തസത്തയും ഗൗരവവും കണക്കിലെടുത്ത് മുനിസിപ്പൽ എഞ്ചിനീയറോടൊപ്പം സ്ഥലം നേരിൽ കണ്ട്

അത് Paddy Land അല്ല എന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഇത് ഒരു "Joint Inspection" ആയി formalize ചെയ്ത് ഫയലിൽ രേഖപ്പെടുത്തുക എന്ന സാങ്കേതിക പ്രക്രിയ മാത്രമാണ് ടിയാൻ ചെയ്യാൻ വിട്ട് പോയത്. സാധാരണ ഗതിയിൽ പുറത്തുള്ള മറ്റ് ഓഫീസുകളിലെ ഉദ്യോഗസ്ഥരുമൊത്ത് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതിന് മുമ്പാണ് ആ വിവരം ഫയലിൽ രേഖപ്പെടുത്തി തീയതി നിശ്ചയിച്ച് അറിയിപ്പ് നൽകി ഇൻസ്പെക്ഷൻ നടത്തുന്നത്.

6. കോടതി വിധി പ്രകാരം സെക്രട്ടറി നേരിട്ട് സ്ഥലപരിശോധന നടത്തേണ്ട ആവശ്യമില്ലാതിരുന്നിട്ട് കൂടി സ്ഥലപരിശോധന നടത്തി ബോദ്ധ്യപ്പെട്ട ശേഷം നടപടി സ്വീകരിച്ച് ടിയാനെ കോടതി നിർദ്ദേശം പാലിച്ചിട്ടില്ലെന്ന തെറ്റായ ആരോപണം പറഞ്ഞ് ശിക്ഷിച്ചത് അങ്ങേയറ്റം മാനസികാഘാതം ഉണ്ടാക്കിയിരിക്കുകയാണ്.

7. CTP Vigilance റിപ്പോർട്ട് ലഭിച്ച ഉടൻ തന്നെ ടിയാന്റെ കീഴുദ്യോഗസ്ഥർ കാണിച്ച പിശക് തിരുത്താൻ അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് റദ്ദ് ചെയ്യുകയും ബന്ധപ്പെട്ട ബിൽഡിംഗ് സൂപ്പർവൈസറുടെ ലൈസൻസ് റദ്ദ് ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ചും ശ്രീ.രഘുരാമന്റെ പുന:പരിശോധനാ ഹർജി പരിഗണിച്ചും ടിയാന് പരാമർശ ഉത്തരവ് പ്രകാരം നല്കിയ ശിക്ഷ ഒഴിവാക്കി തുടർനടപടി അവസാനിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു. അപ്രകാരം ശ്രീ.രഘുരാമന്റെ അപ്പീൽ അപേക്ഷ തീർപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്), തൃശ്ശൂർ.

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.

ശ്രീ.രഘുരാമൻ (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ